'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- ഒറ്റപ്പാലം നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- റവന്യൂ ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ എൻ.സുധാകരനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്

സ.ഉ.(സാധാ) നം.2646/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/11/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 08.01.2015 തീയതിയിലെ ഇ9(എസ്.സി.94/14/പികെഡി) 22735/2014 നമ്പർ കത്ത്

2 29.03.2016തീയതിയിലെ ഇയു2-331/2015-തസ്വഭവ

നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 28.05.2019 തീയതിയിലെ

വി3-9584/16 നമ്പർ കത്ത്.

ഉത്തരവ്

ഒറ്റപ്പാലം നഗരസഭാ പരിധിയിലെ എം & എം . സൂപ്പർ മാർക്കറ്റ് , കവിത ജൂവലറി എന്നീ കെട്ടിടങ്ങളിൽ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചിട്ടുള്ളതായും അഗ്നി സുരക്ഷ നിയമങ്ങൾ പാലിച്ചിട്ടില്ലെന്നും ആരോപിച്ചുകൊണ്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ 18.08.2014- ൽ ഒറ്റപ്പാലം നഗരസഭയിൽ നടത്തിയ പരിശോധനയിൽ ശ്രീ വി.എം. മുഹമ്മദ് അലിയുടെ ഉടമസ്ഥതയിലുള്ള എം.എം. സൂപ്പർ മാർക്കറ്റ് ( കെട്ടിട നമ്പർ 23/39 (1 മുതൽ 11 വരെ ) കെട്ടിടത്തിന്റെ പ്രവേശന കവാടം ഗ്ലാസ് മേൽക്കൂരകൊണ്ടും സ്റ്റീൽ കൊണ്ടും നിർമ്മിച്ചിരിക്കുന്നു, ഗ്രൗണ്ട് ഫ്ളോറിൽ ടോയ് ലെറ്റ് നിർമ്മിച്ചിട്ടില്ല, കംപ്ലീഷൻ പ്ലാനിൽ ഓപ്പൺ ടെറസ്സ്

ഏരിയയിൽ കാണിച്ചിരിക്കുന്ന 227 m2 ഭാഗത്തിൽ നിയമാനുസൃതമല്ലാതെ ടെറസ്സ് മേൽക്കൂര പണിത് മുറികൾ തിരിച്ച് വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചുവരുന്നു, തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് പരാമർശം 2 പ്രകാരം ഒറ്റപ്പാലം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ എൻ.സുധാകരന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു .

2. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ശ്രീ എൻ . സുധാകരൻ സമർപ്പിച്ച മറുപടി പ്രകാരം ടിയാൻ 25.05.2011 മുതൽ 24.07.2012 വരെയാണ് ഒറ്റപ്പാലം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി സേവനമനുഷ്ഠിച്ചിരുന്നതെന്നും സർക്കാരിൽ നിന്നും ലഭിച്ച ചാർജ്ജ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടം ടിയാന് ലഭിച്ചിരുന്ന കംപ്ലീഷൻ പ്ലാനിന്റെയും ഒക്കുപ്പൻസി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ നൽകി നികുതി നിശ്ചയിച്ച് നൽകിയിട്ടുള്ളതെന്നും കെട്ടിട നമ്പർ നൽകിയ സമയത്ത് ടെറസ്സ് വർക്ക് ഉണ്ടായിരുന്നില്ലെന്നും മേൽ വസ്തുതകൾ മേലധികാരികൾക്ക് ബോദ്ധ്യപ്പെട്ടാണ് നികുതി നിർണ്ണയം അംഗീകരിച്ചിട്ടുള്ളതെന്നും ടിയാൻ മറുപടി നൽകിയിരിക്കുന്നു . ശ്രീ എൻ . സുധാകരൻ 24.07.2012- ൽ ഒറ്റപ്പാലം നഗരസഭയിൽ നിന്നും വിടുതൽ ചെയ്തുവെന്നും ടി കെട്ടിടത്തിൽ പിൽക്കാലത്ത് ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ളതായി സംശയിക്കുന്നുവെന്നും നിയമവിധേയമല്ലാത്തതോ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വരുന്നതോ ആയ ഒരു നടപടിയും ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും മനഃപൂർവ്വമായ ഒരു വീഴ്ചയും ടിയാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലാത്തതിനാൽ ശിക്ഷാ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്നും ശ്രീ എൻ . സുധാകരന്റെ മറുപടിയിൽ അപേക്ഷിച്ചിരുന്നു .

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം റവന്യൂ ഇൻസ്പെക്ടർ ശ്രീ.എൻ.സുധാകരന് സർക്കാരിൽ നിന്നും നൽകിയ കുറ്റാരോപണ മെമ്മോ/പത്രികയും ആയതിന് ടിയാൻ സമർപ്പിച്ച മറുപടിയും പരിശോധിച്ചും ബന്ധപ്പെട്ട നഗരസഭയിൽ പരിശോധന നടത്തിയും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചത് പ്രകാരം ഒറ്റപ്പാലം നഗരസഭയിലെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പ്രകാരം ഗ്രൗണ്ട് ഫ്ലോർ + ഫ്ലോർ 317.14 m 2 വീതവും ടെറസ് ഏരിയ 40.01 m2 ഉം ഉൾപ്പെടെ ആകെ 1624.41 m2 ഉള്ള ഭാഗത്തിന് 01.05.2012- ൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ എ.ആർ.വി രജിസ്റ്റർ പ്രകാരം നികുതി ചുമത്തിയിട്ടുള്ളതായി കാണുന്നതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു .

4. വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ശ്രീ വി . പി മുഹമ്മദ് അലി

എന്നവരുടെ ഉടമസ്ഥതയിലുള്ള എം.ആന്റ് എം.സൂപ്പർ മാർക്കറ്റ് എന്ന പേരിലുള്ള 23/39(1-11) നമ്പർ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി വിവരം കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ നേരിട്ട് സ്ഥല പരിശോധന നടത്തിയതിൽ ടി കെട്ടിടത്തിൽ വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ഗ്ലാസ്സ് റൂഫ് ഏരിയ പൊളിച്ചുമാറ്റിയിട്ടുള്ളതായും ടോയ് ലെറ്റ് നിർമ്മിച്ചിട്ടുള്ളതാണെന്നും ഗ്രൗണ്ട് ഫ്ലോറിൽ റൂമുകൾ തരംതിരിച്ചിട്ടില്ലായെന്നും 277.13 ഏരിയ ട്രെസ്സ് വർക്ക് നടത്തി അടച്ചുകെട്ടി വാണിജ്യാവശ്യത്തിനായി ഉപയോഗിച്ചുവരുന്നതായും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. നിലവിൽ ട്രെസ്സ് വർക്ക് ഏരിയ 277.13 m2 ആണെങ്കിലും ഒക്കുപ്പൻസി നൽകിയിട്ടുള്ള 40.03 m2 ന് മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളതെന്ന് കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതായി നഗരകാര്യഡയറക്ടർ അറിയിക്കുന്നു .

5. പ്രസ്തുത കെട്ടിടവുമായി ബന്ധപ്പെട്ട് നഗരസഭ ഫയൽ ആയ BA-179/10-11 നമ്പർ ഫയൽ നഗരസഭ ഓഫീസിൽ നിന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും വിജിലൻസ് റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം കെട്ടിട നികുതി പുനർ നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ അനധികൃതമായി വളച്ചുകെട്ടിയിട്ടുള്ള ഭാഗം റഗുലറൈസ് ചെയ്യുന്നതിനോ അല്ലാത്തപക്ഷം പൊളിച്ചു മാറ്റുന്നതിനോ ഉള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആരോപണ വിധേയമായ പ്രസ്തുത കെട്ടിടത്തിന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് 01.05.2012 ലും വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ പരിശോധന നടത്തിയിട്ടുള്ളത് 18.08.2014 ലുമാണ്. ശ്രീ എൻ . സുധാകരന്റെ സേവനവിവരം പരിശോധിച്ചതിൽ ടിയാൻ ഒറ്റപ്പാലം നഗരസഭയിൽ 25.05.2011 മുതൽ 24.07.2012 വരെയുമാണ് സേവനമനുഷ്ഠിച്ചിരുന്നതെന്ന് കാണുന്നു. വിജിലൻസ് പരിശോധന നടന്ന 18.08.2014- ൽ ടിയാൻ കൊല്ലം നഗരസഭയിൽ (16.11.2013 മുതൽ 20.02.2015) സേവനമനുഷ്ഠിച്ചു വരികയായിരുന്നു .

6. അനധികൃത കൂട്ടിച്ചേർക്കലുകൾ നഗരസഭാ സെക്രട്ടറിയുടെ മുമ്പാകെ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടത് ജീവനക്കാരുടെ ഉത്തരവാദിത്വമാണ്. കുറ്റാരോപണ മെമ്മോ / പത്രികയ്ക്ക് ശ്രീ എൻ. സുധാകരൻ സമർപ്പിച്ച മറുപടി പൂർണ്ണമായി പരിഗണിക്കാൻ കഴിയില്ലായെങ്കിലും ടിയാന്റെ സേവനകാലയളവ് പരിശോധിച്ചതിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചതിനുശേഷം അനധികൃതമായി പ്രസ്തുത കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയതായിരിക്കാമെന്ന ശ്രീ.എൻ.സുധാകരന്റെ മറുപടി പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ അഭിപ്രായപ്പെടുന്നു. മനഃപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ച മാപ്പാക്കി അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന ടിയാന്റെ അപേക്ഷ

പരിഗണിച്ചും ടിയാൻ സൂപ്രണ്ട് തസ്തികയിൽ കൊല്ലം നഗരസഭയിൽ നിന്നും 31.07.2018- ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ശ്രീ എൻ.സുധാകരനെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി, നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചു. ശ്രീ എൻ . സുധാകരൻ 24.07.2012 ൽ ഒറ്റപ്പാലം നഗരസഭയിൽ നിന്നും മാറ്റം ലഭിച്ച് പോയിട്ടുള്ളതിനാലും, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത് 18.08.2014 ലുമാണ് എന്നതിനാലും, ടിയാന് നൽകിയ ചാർജ്ജ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ വരുത്തിയതിൽ ടിയാന്റെ ഭാഗത്ത് മനപൂർവ്വമായ വീഴ്ച വന്നിട്ടില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

8. മേൽ സാഹചര്യത്തിൽ ഒറ്റപ്പാലം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ എൻ. സുധാകരനെതിരായി വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ എൻ. സുധാകരൻ, റവന്യൂ ഇൻസ്പെക്ടർ, ഒറ്റപ്പാലം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

(16.08.2019 തീയതിയിലെ VIG-D1/534/2019/VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ